LIBRARY ARCHIVES Kerala Legislative Assembly

ബോട്ടുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസും യാത്രക്കാർക്കും ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷയും സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പുവഴി ഉറപ്പാക്കിയിട്ടുണ്ട്. കാലപ്പഴക്കംചെന്ന തടിബോട്ടുകൾ ആധുനിക രീതിയിലുള്ള സ്റ്റീൽ ബോട്ടുകൾ ഉപയോഗിച്ച് നവീകരിക്കുകയും സുരക്ഷ ഉറപ്പു വരുത്തുകയും ചെയ്തുവരുന്നു. അടിയന്തര സാഹചര്യങ്ങളെ നേരിടുവാൻ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുകകയും ആശയ വിനിമയത്തിനായി ബോട്ടുകളിൽ സി.യു.ജി. സംവിധാനവും ജലഗതാഗത വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ കീഴിലുള്ള ജലയാനങ്ങളുടെ രജിസ്ട്രേഷൻ സമയാസമയം പുതുക്കുക, സർവ്വേകൾ നടത്തുക, ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങൾ ജലയാനങ്ങളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുക തുടങ്ങിയ സുരക്ഷാ നടപടികൾ എല്ലാംതന്നെ സ്വീകരിക്കുന്നുണ്ട്.

## പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

**11 (*11)** ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ സർക്കാർ തീരുമാനമുണ്ടോ ;

(ബി) എത്ര റാങ്ക് ലിസ്റ്റുകളുടെ കാലാവധിയാണ് നിലവിൽ നീട്ടിയിട്ടുള്ളത് ;

(സി) കൂടുതൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടണമെന്ന ആവശ്യത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ) നാലര വർഷം പൂർത്തിയാകാത്തതും ആറ് മാസത്തിനകം കാലാവധി അവസാനിക്കുന്നതുമായ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നാലര വർഷം പൂർത്തിയാകുന്നതുവരെയോ, പുതിയ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതുവരെയോ എന്ന രീതിയിൽ (ഏതാണോ ആദ്യം) ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കുവാൻ സർക്കാർ പി.എസ്.സി.യോട് ശിപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 30-9-2015-ന് നിലവിലുള്ളതും 31-3-2016 വരെയുള്ള കാലയളവിൽ അവസാനിക്കുന്നതും നാലര വർഷം പൂർത്തിയാക്കാത്തതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി ചില വ്യവസ്ഥകൾക്ക് വിധേയമായി 31-3-2016 വരെ (6 മാസത്തേയ്ക്ക്) പി.എസ്.സി. ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) 1300 റാങ്ക് ലിസ്റ്റുകളുടെ കാലാവധിയാണ് നിലവിൽ നീട്ടിയിട്ടുള്ളത്.

(സി) കൂടുതൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## വർഗ്ഗീയ സംഘർഷം

12 (*12) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. എ. ബേബി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം വർഗീയസംഘർഷത്തിലേക്ക് നീക്കിക്കൊണ്ടിരിക്കുന്നുണ്ടോ ; എങ്കിൽ ഈ ശക്തികൾക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) മതങ്ങളേയും ജാതികളെയും പരസ്പരം ഭിന്നിപ്പിച്ചും പൊരുതിച്ചും രാഷ്ട്രീയമായി മുതലെടുക്കാനുള്ള ചില സംഘടനകളുടെ ബോധപൂർവ്വമായ ശ്രമങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഭക്ഷണം, വേഷം, ഭാഷ, വിശ്വാസം തുടങ്ങിയ കാര്യങ്ങളിൽ പൗരൻമാർക്ക് ഭരണഘടന നൽകുന്ന സ്വതന്ത്ര്യത്തിനു തടസ്സം നിൽക്കുകയും ചിലത് അടിച്ചേൽപ്പിക്കുയും ചെയ്യുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) ഇത്തരത്തിൽ ചിന്തിക്കേണ്ട യാതൊരു സാഹചര്യവും സംസ്ഥാനത്തില്ല.

(ബി) മതങ്ങളേയും ജാതികളേയും പരസ്പരം ഭിന്നിപ്പിച്ചും പൊരുതിച്ചും രാഷ്ട്രീയമായി മുതലെടുക്കാനുള്ള ചില സംഘടനകളുടെ ബോധപൂർവ്വമായ ശ്രമങ്ങൾ ചില സ്ഥലങ്ങളിൽ ചില സമയങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഭക്ഷണം, വേഷം, ഭാഷ, വിശ്വാസം തുടങ്ങിയ കാര്യങ്ങളിൽ പൗരന്മാർക്ക് ഭരണഘടന നൽകുന്ന സ്വാതന്ത്ര്യത്തിന് തടസ്സം നിൽക്കുന്ന സാഹചര്യം കേരളത്തിലില്ല. അത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ സംസ്ഥാന ഇന്റലിജൻസിന്റെ സഹായത്താൽ പോലീസ് ജാഗ്രത പാലിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly